(എഫ്) ഇന്റർവ്യൂവിന് 2343 പേർ അർഹരായിരുന്നു. ഹാജരാകാത്തവരുടെ കണക്ക് ലഭ്യമല്ല.

(ജി) പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. എടുത്തു കൊണ്ടിരിക്കുന്നു.

(എച്ച്) ഡിപ്പാർട്ടുമെന്റുകളിൽ ഒഴിവുവരുമ്പോൾ വേക്കൻസി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും റാങ്ക് ലിസ്റ്റായാൽ പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് നിയമനം നൽകുകയും മാത്രമാണ് ഡിപ്പാർട്ടുമെന്റ് ചെയ്യുന്നത്. ബാക്കിയുള്ള എല്ലാ നടപടിക്രമങ്ങളും പബ്ലിക് സർവീസ് കമ്മിഷനാണ് കൈക്കൊള്ളുന്നത്.

(ഐ) പി.എസ്.സി. യിൽ നിന്ന് അഡ്വൈസ് കിട്ടുന്നതനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും കോൺട്രാക്ട് അടിസ്ഥാനത്തിലും നിയമിച്ചവരെ പിരിച്ചുവിടുന്നതാണ്. റീഎംപ്ലോയ്മെന്റ് മുഖേന ആരേയും നിയമിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

133 (2319) മെഡിക്കൽ പി.ജി. കോഴ്സുകളിലേയ്ക്കുള്ള ഒഴിവുകൾ

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ 1999-ലെ വിവിധ പി.ജി. കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് ഡിഗ്രിയും ഡിപ്ലോമയും അഖിലേന്ത്യാ തലത്തിലുള്ള 25% ക്വാട്ടയിൽ ഡൽഹിയിൽനിന്നും അലോട്ടു ചെയ്യപ്പെട്ടവരെല്ലാം ജോയിൻ ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ 1999-ലെ പി.ജി. കോഴ്സുകളിൽ (ഡിഗ്രിയും ഡിപ്ലോമയും) കേരളത്തിലെ ഏതെല്ലാം കോളേജുകളിൽ ഏതെല്ലാം സീറ്റുകളിലാണ് നിലവിൽ ഒഴിവുള്ളത്;

(സി) മെരിറ്റ് അടിസ്ഥാനത്തിലും മറ്റ് വിവിധ ക്വാട്ടകളുടെ അടിസ്ഥാനത്തിലുമുള്ള സീറ്റുകളിൽ നിലനില്ക്കുന്ന ഒഴിവുകൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) അഖിലേന്ത്യാ തലത്തിലുള്ള അഡ്മിഷൻ പൂർണ്ണമായും മെരിറ്റടിസ്ഥാനത്തിലാണ് നടത്തുന്നത്. ഒഴിവുള്ള സീറ്റുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

134 (2320) ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റി

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം. ദാസൻ :

---

† അനുബന്ധം VII
406/2010.

അനുബന്ധം - VI

12-7-1999-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 103 (2292) കാണുക

1. കന്നുകാലികളുടെ വർഗ്ഗ ഗുണം മെച്ചപ്പെടുത്തുന്നതിനും ക്ഷീരോൽപ്പാദനശേഷിയും ക്ഷീരോൽപ്പാദനവും വർദ്ധിപ്പിക്കുന്നതിനും സങ്കര പ്രജനന പരിപാടി നടപ്പിലാക്കി വരുന്നു.

2. കന്നുകാലികളുടെ ആരോഗ്യസംരക്ഷണത്തിനായി സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും മൃഗാശുപത്രികൾ പ്രവർത്തിച്ചു വരുന്നു. ജില്ലാതലത്തിൽ റഫറൽ സൗകര്യങ്ങളോടുകൂടിയ ജില്ലാ വെറ്റിനറി കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ മുഴുവൻ കന്നുകാലികളെയും സൗജന്യ കുളമ്പുരോഗ കുത്തിവെയ്പു നടത്തുന്നതിനായി 12 കോടി രൂപ ചെലവ് വരുന്ന ഒരു പദ്ധതിക്ക് രൂപം കൊടുത്തു വരുന്നു. പാലോട് വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് അന്തർദേശീയ നിലവാരമുള്ള ഒരു സ്വയംഭരണ സ്ഥാപനമായി മാറ്റി എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. കാലിത്തീറ്റയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള ഫീഡ്സ് എന്ന സ്ഥാപനത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി ആരംഭിച്ചു. പച്ച പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ഒരു പദ്ധതിയും പരിഗണനയിലുണ്ട്.

4. കന്നുകുട്ടി പരിപാലന പദ്ധതിപ്രകാരം മുൻവർഷങ്ങളിൽ ഉൾപ്പെടുത്തിയ 40,000 കന്നുകുട്ടികൾക്ക് പുറമെ 10,000 കന്നുകുട്ടികളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പദ്ധതിയുണ്ട്. എരുമക്കുട്ടി വളർത്തൽ പദ്ധതി ഈ വർഷവും തുടരുന്നുണ്ട്.

5. മൃഗസംരക്ഷണ രംഗത്തെ ആധുനിക സങ്കേതങ്ങളെക്കുറിച്ചും കന്നുകാലി പരിപാലനത്തിന്റെ ശാസ്ത്രീയ വശങ്ങൾ കർഷകർക്ക് മനസ്സിലാക്കി കൊടുക്കുന്നതിനുമായി വിജ്ഞാന വ്യാപനവും പരിശീലനവും എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

6. കറവ പശുക്കൾക്കും അവയുടെ ഉടമകൾക്കും കാമധേനു ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.

അനുബന്ധം - VII

12-7-1999-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 130 (2319) കാണുക

മെഡിക്കൽ കോളേജ് - കോഴിക്കോട്

എം.ഡി. മൈക്രോ ബയോളജി	-	1 സീറ്റ്
എം.ഡി. പാത്തോളജി	-	1 സീറ്റ്
എം.ഡി. ഫിസിയോളജി	-	1 സീറ്റ്
ഡി.സി.എച്ച്.	-	1 സീറ്റ്
ഡി.എം.ആർ.ഡി.	-	1 സീറ്റ്
ഡി.ഒ.	-	1 സീറ്റ്
ഡി.സി.പി.	-	2 സീറ്റ്
എം.ഡി.(സി.എം)	-	1 സീറ്റ്

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ കോളേജ്, തൃശ്ശൂർ

പ്രസ്തുത മെഡിക്കൽ കോളേജിൽ ആൾ ഇന്ത്യാ ക്വാട്ടായിൽ പി.ജി. സീറ്റുകൾ സംവരണം ചെയ്തിട്ടില്ല.

മെഡി. കോളേജ്, കോട്ടയം

എം.ഡി. ഫിസിയോളജി	-	1 സീറ്റ്
എം.ഡി. ഡി.ആന്റ്.വി	-	1 സീറ്റ്
എം.ഡി.ഡി.എ.	-	1 സീറ്റ്
ഡി. ഓർത്തോപീഡിക്	-	1 സീറ്റ്
ഡിപ്ലോമാ ഇൻ ഒഫ്താൽമോളജി	-	1 സീറ്റ്
എം.ഡി.	-	1 സീറ്റ്

മെഡിക്കൽ കോളേജ് ആലപ്പുഴ

1999-ലെ പി.ജി. കോഴ്സിലേക്ക് അഖിലേന്ത്യാതലത്തിന്റെ അടിസ്ഥാനത്തിൽ നീക്കിവച്ചിട്ടുള്ള ഒഴിവില്ല. സീറ്റുകളിലെല്ലാം അലോട്ട് ചെയ്തവർ ചേർന്നു കഴിഞ്ഞു.

മെഡിക്കൽ കോളേജ്, തിരുവനന്തപുരം

എം.ഡി. ഫോറൻസിക് മെഡിസിൻ	-	1 സീറ്റ്
എം.ഡി. എന്റമോളജി	-	1 സീറ്റ്
എം.ഡി. ബയോകെമിസ്ട്രി	-	1 സീറ്റ്
എം.ഡി. അനാട്ടമി	-	1 സീറ്റ്
സി.പി.എച്ച്.	-	3 സീറ്റ്

ദന്തൽ കോളേജ്, തിരുവനന്തപുരം

1999-ലെ ദന്തൽ പി.ജി. കോഴ്സിലേക്ക് അഖിലേന്ത്യാ അടിസ്ഥാനത്തിൽ നീക്കിവച്ചിട്ടുള്ള എല്ലാ സീറ്റുകളിലേക്കും അലോട്ട് ചെയ്യുകയും വിദ്യാർത്ഥികൾ അഡ്മിറ്റ് ചെയ്യുകയും ചെയ്തു.

അനുബന്ധം - VIII

12-7-1999-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 155 (2344) കാണുക

GOVERNMENT OF KERALA

Abstract

KERALA GOVERNMENT SERVANTS MEDICAL ATTENDANCE RULES, 1960-RECOMMENDATIONS OF THE V PAY COMMISSION- MODIFICATION TO THE RULES-ORDERS ISSUED

HEALTH AND FAMILY WELFARE (G) DEPARTMENT

G.O.(P) No. 45/97/H&FWD, Dated, Thiruvananthapuram, 18th February,1997

Read:- 1. G.O. (P) No. 163/90/H&FWD dated 20-8-1990.

2. G.O. (Rt) No. 3137/93/H&FWD dated 27-11-1993.

3. Circular No. 6650/G2/95/H&FWD dated 16-5-1995.

LIBRARY ARCHIVES Kerala Legislative Assembly